പ്രതികരണം

# എല്ലാം എളുപ്പം എന്നു കരുതുന്നവരോട്

കേരളീയം 55-ാം ലക്കത്തിൽ വന്ന 'ജനാധിപത്യ ഹർത്താൽ എളുപ്പവഴിയിൽ ചെയ്തു നോക്കിയ ക്രിയ' എന്ന കെ. മോഹനന്റെ ലേഖനത്തിന് മറുപടി.

സുഹൃത്തേ, ക്വിറ്റ് കേരള പ്രക്ഷോഭസമിതിയുടെ ആഭിമുഖ്യത്തിൽ നവംബർ 1ന് നടന്ന, നടത്തിയ ഹർത്താലിൽ ജനാധിപത്യത്തിന്റെ പേരിൽ യോജിക്കാനും വിയോജിക്കാനും ആർക്കും അവകാശം ഉണ്ടെന്നുള്ള കാര്യം ഞങ്ങൾ മുൻകൂട്ടി വ്യക്തമാക്കിയിരുന്നു. സാമൂഹ്യനന്മയെ ലാക്കാക്കിയുള്ള എല്ലാ പ്രക്ഷോഭങ്ങളും പ്രതിഷേധങ്ങളും ജനങ്ങളുടെ മുൻകൈയിൽ തന്നെ നടക്കേണ്ടതാണ്. എന്നാൽ ആ പ്രതിഷേധം എന്തിനു വേണ്ടിയാണെന്ന് ജനങ്ങൾ തിരിച്ചറിയേണ്ടതുണ്ട്. ഈ തത്വത്തിൽ ഊന്നിനിന്നുകൊണ്ടു തന്നെയാണ് ക്വിറ്റ് കേരള പ്രക്ഷോഭസമിതി അതിന്റെ പ്രചരണങ്ങളും പ്രവർത്തനങ്ങളും നടത്തിയത്. ബലപ്രയോഗമോ സമ്മർദ്ദമോ ഞങ്ങളുടെ ലക്ഷ്യമായിരുന്നില്ല. അതുകൊണ്ടുതന്നെ ഒരുപക്ഷേ, മോഹനന്റെ കാഴ്ചപ്പാടിൽ ഹർത്താൽ ഒരു പരാജയമായിരിക്കാം. എന്നാൽ ക്വിറ്റ് കേരള പ്രക്ഷോഭ സമിതിക്ക് ഹർത്താൽ നടത്താൻ എന്താണ് അവകാശം എന്നുള്ള ബാലിശമായ ചോദ്യം ഒരു പരാജിതന്റെ ധാർഷ്ട്യം എന്നേ പറയേണ്ടൂ.

മാടമ്പി സംസ്കാരത്തിന്റെയും, സോഷ്യൽ ഫാഷിസത്തിന്റേയും കൂട്ടിൽ അകപ്പെട്ടിരിക്കുന്ന ശ്രീ. മോഹനൻ പ്രതിലോമശക്തികളുടെ പ്രചാരകനായി എന്തിനിങ്ങനെ കരയുന്നു? സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ ഇന്നോളമുണ്ടായിട്ടുള്ള സാമ്രാജ്യത്വ പ്രീണനങ്ങളും അതുവഴിയുള്ള ആഗോളവൽക്കരണ ആധിപത്യങ്ങളും ഭരണപ്രതിപക്ഷഭേദമെന്യേ എല്ലാ കക്ഷിരാഷ്ട്രീയ നേതൃത്വങ്ങളുടേയും അറിവോടും സമ്മതത്തോടും കൂടിയാണെന്നുള്ള കാര്യം മോഹനന് അറിയാമെന്നിരിക്കേ എന്തിനു വേണ്ടിയാണീ കുഴലൂത്ത്?

1990ൽ തുടങ്ങിയ സാമ്രാജ്യത്വത്തിന്റെ പുതിയ ചൂഷണപദ്ധതികളായ ആഗോളവൽക്കരണവും സ്വകാര്യവൽക്കരണവും നമ്മുടെ എല്ലാ മേഖലകളേയും തകർത്തുകൊണ്ടിരിക്കുമ്പോൾ മോഹനൻ ആർക്കു വേണ്ടിയാണ് ഓശാന പാടുന്നത്? സാമ്രാജ്യത്വ കഴുകൻ ആഗോളവൽക്കരണത്തിന്റെ പേരിൽ ഇന്ത്യയിൽ തുറന്നുവിട്ട എ. ഡി. ബി. ചെകുത്താൻ ഓരോ ഭാരതീയന്റേയും ഭാവിഭാഗധേയത്വം തീരുമാനിച്ചുറപ്പിക്കുമ്പോൾ ഭരണപ്രതിപക്ഷ നേതൃത്വങ്ങൾ സ്വീകരിക്കുന്ന ജനവിരുദ്ധ നയങ്ങളേയും എ. ഡി. ബി.യുമായുള്ള അവിഹിത ബന്ധങ്ങളേയും തുറന്നുകാട്ടിക്കൊണ്ട് ക്വിറ്റ് കേരള പ്രക്ഷോഭസമിതി ആഹ്വാനം ചെയ്ത ജനാധിപത്യഹർത്താൽ പരാജയപ്പെടുത്തേണ്ടത് എ. കെ. ആന്റണിയേപ്പോലെ അച്യുതാനന്ദനും പിണറായി വിജയനും വെളിയം ഭാർഗ്ഗവനും സി. കെ. പത്മനാഭനും ആവശ്യമായി വന്നതും എ. ഡി. ബി. അനുകൂലികളായി ജനമധ്യത്തിൽ സ്വയം അപഹാസ്യരായതും ശ്രീ. മോഹനന് സഹിക്കാനാകുന്നില്ല.

കറന്റ് ചാർജ്ജ് വർദ്ധനക്കെതിരെ പ്രതിപക്ഷം ആഹ്വാനം ചെയ്ത 10 ദിവസം നീണ്ടുനിന്ന സമരാഭാസം ജനജീവിതത്തെ നരകതുല്യമാക്കുകയും സമരാനന്തരം യാതൊന്നും നേടാനാകാതെ കറന്റ് ചാർജ്ജ് വീണ്ടും വീണ്ടും കൂട്ടുമെന്ന ധാർഷ്ട്യത്തിന്റെ ഹുങ്കാരം സാധാരണക്കാരെ അസ്വസ്ഥരാക്കുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ ഒരു കാര്യം കൂടി വ്യക്തമാക്കിക്കൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കാം. സർക്കാർ ജീവനക്കാരന്റെ ന്യായമായ സമരത്തിന് പൂർണ്ണമായ പിന്തുണയും ഐക്യദാർഢ്യവും നൽകിക്കൊണ്ട് തൃശൂർ കളക്ടറേറ്റ് പടിക്കൽ ബഹുജന ഐക്യവേദി എന്ന സംഘടനയുടെ ബാനറിൽ ഒരു ദിവസം മുഴുവൻ അനുഭാവ സമരം നടത്തുകയും ചെയ്ത പാരമ്പര്യം ഞങ്ങൾക്കുണ്ട്. എങ്കിലും സർക്കാർ ജീവനക്കാരുടെ സമരത്തിനോടുള്ള വിമർശനം ഞങ്ങൾ നടത്തിയിരുന്നു. എന്നാൽ ഈ സമരത്തിനും എത്രയോ മുമ്പ് ലക്ഷക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന പരമ്പരാഗത തൊഴിൽ മേഖലകളിൽ തുടർന്നു നടന്നിരുന്ന സമരങ്ങളിലോ പട്ടിണിമരണങ്ങളിലോ സർക്കാർ ജീവനക്കാരന്റെ സാമൂഹ്യവിപ്ലവബോധം ജ്വലിച്ചുയർന്നതായി കണ്ടില്ല. ഇപ്പോൾ എ. ഡി. ബി. നിബന്ധനപ്രകാരം പരിഷ്കരിച്ച ചുമട്ടുതൊഴിലാളി ബില്ലിനെതിരേയും ഈ ഉദ്യോഗസ്ഥ-ട്രെയ്ഡ് യൂണിയൻ പ്രഭുക്കന്മാർ പ്രതികരിച്ചതായി കണ്ടില്ല. സ്വന്തം ജനതയുടെ ജീവിതസാഹചര്യങ്ങൾ നഷ്ടപ്പെടുത്തുന്ന വ്യവസ്ഥിതിയുടെ സംരക്ഷകരെ ഇനിയും തിരിച്ചറിയാൻ ശ്രമിക്കാതെ നീതി നിഷേധങ്ങൾക്കും പൗരാവകാശ ധ്വംസനങ്ങൾക്കും എതിരേ തങ്ങളാലാവുന്ന പ്രവർത്തനങ്ങൾ നടത്തുന്നവരെ അപഹസിക്കുന്നത് അവസാനിപ്പിക്കുകയും സമൂഹത്തിന് കൈമോശം വന്ന കൂട്ടായ ഉത്തരവാദിത്വങ്ങളും ധാർമ്മികമൂല്യങ്ങളും തിരിച്ചുപിടിക്കാനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും നാളിതുവരെ ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റാത്ത ജനവഞ്ചകരെ ചോദ്യം ചെയ്യുകയും അതിനു ശേഷം മറ്റുള്ളവരെ ഉപദേശിക്കുകയും ആവാം.

ടി. കെ. വാസു, ക്വിറ്റ് കേരള പ്രക്ഷോഭ സമിതി, തൃശൂർ